(എ) ലോകബാങ്ക് സഹായത്തോടെയുള്ള ആർ.സി.എച്ച്. പ്രോഗ്രാമിൽ ഉൾപ്പെടുത്തി ആരോഗ്യ സംരക്ഷണരംഗത്ത് എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭാരത സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ രംഗത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 'എ' ആയി ചേർക്കുന്നു.†

(ബി) പ്രജനനശിശു ആരോഗ്യപരിപാടി നടപ്പിലാക്കുന്നതിന് ലോകബാങ്ക് ഉൾപ്പെടെയുള്ള ധനസഹായ ഏജൻസികൾ നൽകുന്ന ഫണ്ട് കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള സൊസൈറ്റിക്ക് ലഭിക്കുന്നു. ആയത് കേന്ദ്രസർക്കാരിന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ചെലവാക്കുന്നു. കേന്ദ്രസർക്കാർ പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ ഘടകങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള ഫണ്ട് വിനിയോഗിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വിവിധങ്ങളാണ്. അവ അനുബന്ധം 'ബി'യിൽ കാണുക.†

യൂറോപ്യൻ കമ്മീഷൻ സഹായത്തോടുകൂടിയ ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ

90 (139) ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് യൂറോപ്യൻ കമ്മീഷൻ സഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഹെൽത്ത് മാനേജ്മെന്റ് പരിശീലനത്തിനു വേണ്ടി യൂറോപ്യൻ കമ്മീഷൻ ഏതെങ്കിലും ജില്ല തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം?

ഉത്തരം

(എ)&(ബി) ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് യൂറോപ്യൻ കമ്മീഷൻ പ്രത്യേക സാമ്പത്തികസഹായം ഇപ്പോൾ നൽകുന്നില്ല. എന്നാൽ കൊല്ലം ജില്ലയിൽ നിലവിലുള്ള ആരോഗ്യ കുടുംബക്ഷേമ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുദ്ദേശിച്ചുള്ള 'റിഫോംസ് ഓൺ മാനേജ്മെന്റ് സെക്ടർ' എന്ന പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടുന്ന പ്രാരംഭ നടപടികൾ നടന്നുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളിലെ പ്രവർത്തനമേഖല വിപുലമാക്കുന്നതിനും സേവന സൗകര്യങ്ങൾ നവീകരിക്കുന്നതിനും വേണ്ടുന്ന സാമ്പത്തിക സഹായം പ്രതീക്ഷിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

(സി) ഇല്ല.

മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

91 (140) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുന്ന രോഗികളും മറ്റുള്ളവരും അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്;

(സി) ആശുപത്രിയിൽ എത്തുന്നവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങളും മറ്റും ന്യായമായ വിലയ്ക്ക് ലഭിക്കത്തക്കവിധം ആശുപത്രി പരിസരങ്ങളിൽ കൂടുതൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആശുപത്രിയോടനുബന്ധിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ന്യായവില മെഡിക്കൽ ഷോപ്പിന് ചില വാർഡുകൾ കേന്ദ്രമാക്കിയെങ്കിലും കൂടുതൽ എക്സ്റ്റൻഷൻ കൗണ്ടറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപൂർവ്വം സന്ദർഭങ്ങളിൽ മാസ് കാഷ്വാലിറ്റി ഉണ്ടാകുമ്പോൾ ചെറിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്.

(ബി) ഈ ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി ട്രോമോകെയർ യൂണിറ്റ് ഉടൻതന്നെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണവും ഗവൺമെന്റിന്റെ സജീവപരിഗണനയിലാണ്. നിർദ്ദിഷ്ട ട്രോമോകെയർ യൂണിറ്റ് വരുന്നതുവരെ പഴയ ആർ.സി.സി. ബ്ലോക്കിൽ ട്രോമാകെയറിനുവേണ്ടിയുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിവരുന്നു. മെഡിക്കലും സർജിയ്ക്കലും അത്യാഹിത വിഭാഗങ്ങൾ ഇപ്പോഴുള്ള സ്ഥലത്തുനിന്നും കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റാനുള്ള നടപടികൾ എടുത്തുവരുന്നു. കാത്ത് ഇന്റൻസീവ് കെയർ യൂണിറ്റ്, കാർഡിയോതൊറാസിക് പ്രോഗ്രസ്സീവ് കെയർ യൂണിറ്റ് എന്നിവ പ്രവർത്തനക്ഷമമായിട്ടുണ്ട്. മെഡിക്കൽ ന്യൂറോ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്ട്രോക്ക് ഇന്റൻസീവ് കെയർ യൂണിറ്റ്, മെഡിസിൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്നേക്ക്ബൈറ്റ് ഇന്റൻസീവ് കെയർ യൂണിറ്റ് എന്നിവ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്സിന് ഒരു ടവർബ്ലോക്ക് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്സിന്റെ കീഴിലുള്ള കാർഡിയാക് കാത്തിട്രെലൈസേഷൻ യൂണിറ്റ്, എച്ച്.ഡി.എസ്സിന്റെ കീഴിലുള്ള ഓപ്പൺഹാർട്ട് സർജറി പ്രോഗ്രാം എന്നിവ പ്രവർത്തനക്ഷമമാണ്. പുതുതായി സ്ഥാപിച്ച ആധുനിക

LIBRARY ARCHIVES Kerala Legislative Assembly